"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം വെങ്ങാനൂർ വിപിഎസ് മലങ്കര ഹയർസെക്കന്ററി സ്കൂളിലെ (2024-25)ലെ തസ്തിക നിർണ്ണയ ഉത്തരവ്- പാറശ്ശാല എം.എസ്.സി. സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2881/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. പാറശ്ശാല എം.എസ്.സി. സ്കൂൾസ് മാനേജർ സമർപ്പിച്ച 27/10/2025-ലെ എം.എസ്.സി/പി/399/25 നമ്പർ റിവിഷൻ ഹർജി.
2. തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ (ഹയർ സെക്കന്ററി വിഭാഗം) 04/12/2025ലെ TRO-03/2519/2025/HSE നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 05/12/2025-ലെ AcdC3/30620/2025/DGE/HSE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം പാറശ്ശാല എം.എസ്.സി. സ്കൂൾസ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളെ 06/12/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2.പ്രസ്തുത ഹിയറിംഗിൽ എം.എസ്.സി. സ്കൂൾസ് മാനേജർ താഴെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

"പാറശ്ശാല എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വെങ്ങാനൂർ വി.പി.എസ്. മലങ്കര ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗം തസ്തിക നിർണയം 2019-20 മുതൽ 2024-25 വരെ 25/12/2024 ലെ റ്റി.ആർ.ഒ-3/848/2024 പ്രകാരം ഉത്തരവായിട്ടുണ്ട്. വെങ്ങാനൂർ വി.പി.എസ്. മങ്കര ഹയർ സെക്കന്ററി സ്കൂളിൽ സയൻസ് (3), കൊമേഴ്സ് (2) എന്നീ വിഷയങ്ങളിൽ ആകെ 5 ബാച്ചുകളാണ് അനുവദിച്ചിട്ടുള്ളത്.

2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവിൽ ഉപഭാഷാ വിഭാഗങ്ങളിൽ മലയാളത്തിന് XI ന് 110 ഉം, XII ന് 116 ഉം ഉൾപ്പെടെ 226 കുട്ടികളെയാണ് തസ്തിക നിർണയത്തിന് പരിഗണിച്ചത്. 2024-25 വർഷത്തിൽ റഗുലർ ആയി പ്രവേശനം ലഭിച്ച 50 കുട്ടികളിൽ മാർജിനൽ വർദ്ധനവ് പ്രകാരം മലയാളത്തിന് 33 കുട്ടികൾ പ്രവേശനം നേടിയിരുന്നു. ടി വർഷം +2 വിനും മാർജിനൽ വർദ്ധനവ് പ്രകാരം 33 കുട്ടികൾ പ്രവേശനം നേടിയിരുന്നു. ടി കുട്ടികളെ 2024-25 വർഷത്തെ തസ്തിക നിർണയത്തിന് പരിഗണിച്ചില്ല. 2024-

25 വർഷം മലയാളത്തിന് 1 എച്ച്.എസ്.റ്റി. ജൂനിയർ ഗസ്റ്റ് തസ്തികയും 1 എച്ച്.എസ്.എസ്.റ്റി. തസ്തികയുമാണ് അനുവദിച്ചിട്ടുള്ളത്.

2024-25 വർഷം മലയാളം ഉപഭാഷയായി +1 ന് മാർജിനൽ വർദ്ധനവ് ഉൾപ്പെടെ (110+33) 143 ഉം +2 ന് മാർജിനൽ വർദ്ധനവ് ഉൾപ്പെടെ (116+33) 149 ഉം പരിഗണിച്ച് മലയാളം ഉപഭാഷയ്ക്ക് ഒരു എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഉം ഒരു എച്ച്.എസ്.എസ്.റ്റി. തസ്തികയും അനുവദിച്ച് 2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പരിഷ്കരിച്ച് നല്കണമെന്ന് അപേക്ഷിക്കുന്നു."

3.ടി വിഷയത്തിന്മേലുള്ള വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

"തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ 25/12/2024 തീയതിയിലെ റ്റി.ആർ.ഒ-3/848/2024/എച്ച്.എസ്.ഇ നമ്പർ പ്രകാരമുള്ള നടപടിക്രമമനുസരിച്ച് വെങ്ങാനൂർ വി.പി.എസ്.എച്ച്.എസ്.എസ്. ലെ 2019-20 മുതൽ 2024-25 വരെയുള്ള തസ്തിക നിർണയം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ 2024-25 വർഷത്തെ തസ്തിക നിർണയം സംബന്ധിച്ചാണ് വി.പി.എസ്. വെങ്ങാനൂർ മാനേജർ പരാതി നൽകിയിരിക്കുന്നത്. 2024-25 വർഷം മലയാളം ഉപഭാഷയ്ക്ക് ഒന്നാം വർഷം മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയുള്ള കുട്ടികളുടെ എണ്ണം 144 ഉം മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയുള്ള കുട്ടികളുടെ എണ്ണം (144-34) 110 ഉം രണ്ടാം വർഷം മാർജിനൽ ഇൻക്രീസ് ഉൾപ്പെടെ 149 കുട്ടികളും മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയുള്ള കുട്ടികളുടെ എണ്ണം (149-33) 116 ഉം ആണ്. മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയാണ് നിലവിലെ രീതിയിൽ തസ്തിക നിർണയം നടത്തുന്നത്.

| വിഷയം | കുട്ടികളുടെ എണ്ണം | | ബാച്ചുകളുടെ എണ്ണം | വർക്ക് ലോഡ് പിരീയഡ്/ബാച്ച് | ആനുവദനീയമായ തസ്തിക |
|---|---|---|---|---|---|
| മലയാളം | 110 (XI) | 116 (XII) | 2+2=4 | 4x6=24 | 1 എച്ച്.എസ്.എസ്.റ്റി. |

മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയ ശേഷമാണ് തസ്തിക നിർണയം നടത്തുന്നത് എന്നതിനാലാണ് പ്രസ്തുത സ്കൂളിൽ നിലവിലുള്ള 1 എച്ച്.എസ്.എസ്.റ്റി., 1 എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിൽ ജൂനിയർ തസ്തിക സൂപ്പർ ന്യൂമററിയായി മാർക്ക് ചെയ്തത്.

മാർജിനൽ ഇൻക്രീസ് ഉൾപ്പെടെ കണക്കാക്കുകയാണെങ്കിൽ:

i. ഒന്നാം വർഷം 144 ഉം രണ്ടാം വർഷം 149 ഉം കുട്ടികൾ ഉള്ളതിനാൽ ആകെ മലയാളം ബാച്ചുകളുടെ എണ്ണം 3+3=6 ആയിരിക്കും.

ii. ആറ് ബാച്ചിനുള്ള വർക്ക് ലോഡ് 6x6=36 പിരീഡ്

iii. ഇതിന് നൽകാൻ കഴിയുന്ന തസ്തിക 1 എച്ച്.എസ്.എസ്.റ്റി., 1 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ആയിരിക്കും.

iv. അങ്ങനെയാണെങ്കിൽ, നിലവിൽ പ്രസ്തുത സ്കൂളിൽ അനുവദിക്കപ്പെട്ടിരിക്കുന്ന തസ്തികകൾ നിലനിൽക്കുകയും ചെയ്യും."

4.സർക്കാർ ഈ വിഷയം ഹിയറിംഗിന്റെയും നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം വെങ്ങാനൂർ വി.പി.എസ്. എച്ച്.എസ്.എസ്. ൽ 2024-25 വർഷത്തെ തസ്തിക നിർണയ പ്രകാരം മലയാളം ഉപഭാഷ വിഭാഗത്തിൽ അനുവദിച്ച എച്ച്.എസ്.എസ്.റ്റി., എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) സൂപ്പർ ന്യൂമററി തസ്തികയ്ക്ക് പകരം മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയുള്ള കുട്ടികളെ കൂടി പരിഗണിച്ച് മലയാളം ഉപഭാഷയ്ക്ക് 1 എച്ച്.എസ്.എസ്.റ്റി., 1 എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തിക അനുവദിച്ച് തസ്തിക നിർണയ ഉത്തരവ് പരിഷ്കരിച്ച് നല്കണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

5.തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ 25/12/2024 തീയതിയിലെ റ്റി.ആർ.ഒ-3/848/2024/എച്ച്.എസ്.ഇ നമ്പർ പ്രകാരമുള്ള നടപടിക്രമമനുസരിച്ച് വെങ്ങാനൂർ വി.പി.എസ്.എച്ച്.എസ്.എസ്. ലെ 2019-20 മുതൽ 2024-25 വരെയുള്ള തസ്തിക നിർണയം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം, ടി സ്കൂളിൽ 2024-25 വർഷം മലയാളം ഉപഭാഷയ്ക്ക് 1 എച്ച്.എസ്.എസ്.റ്റി., 1 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) സൂപ്പർ ന്യൂമററി തസ്തിക എന്നിവയാണ് അനുവദിച്ചിട്ടുള്ളത്. 2024-25 വർഷം മലയാളം ഉപഭാഷയ്ക്ക് ഒന്നാം വർഷം മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയുള്ള കുട്ടികളുടെ എണ്ണം 144 ഉം മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയുള്ള കുട്ടികളുടെ എണ്ണം (144-34) 110 ഉം രണ്ടാം വർഷം മാർജിനൽ ഇൻക്രീസ് ഉൾപ്പെടെ 149 കുട്ടികളും മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയുള്ള കുട്ടികളുടെ എണ്ണം (149-33) 116 ഉം ആണ്. മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയാണ് നിലവിലെ രീതിയിൽ തസ്തിക നിർണയം നടത്തുന്നത്. മാർജിനൽ ഇൻക്രീസ് ഒഴിവാക്കിയാൽ താഴെ പറയും പ്രകാരമേ തസ്തിക അനുവദിക്കാൻ കഴിയുകയുള്ളൂ.

| വിഷയം | കുട്ടികളുടെ എണ്ണം | | ബാച്ചുകളുടെ എണ്ണം | വർക്ക് ലോഡ് പിരീയഡ്/ബാച്ച് | ആനുവദനീയമായ തസ്തിക |
|---|---|---|---|---|---|
| മലയാളം | 110 | 116 | 2+2=4 | 4x6=24 | 1 എച്ച്.എസ്.എസ്.റ്റി. |

6.ആഴ്ചയിൽ 0-6 വരെ പിരീയഡുകൾക്ക് ഗസ്റ്റ് തസ്തികയും 7 മുതൽ 14 വരെ പിരീയഡുകൾക്ക് എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയും 15 മുതൽ 24 വരെ പിരീയിഡുകൾക്ക് എച്ച്.എസ്.എസ്.റ്റി. തസ്തികയുമാണ് അനുവദിക്കുന്നത്. നിലവിലെ രീതിയനുസരിച്ച് മാർജിനൽ ഇൻക്രീസ് ഒഴിവാക്കി 2024-25 വർഷം 1 എച്ച്.എസ്.എസ്.റ്റി. മലയാളം തസ്തിക അനുവദിച്ചത് ക്രമപ്രകാരമാണ്.

7.16/03/2024-ലെ സ.ഉ.(കൈ)നം.35/2024/പൊവിവ പ്രകാരം 2023-24 വർഷത്തെ തസ്തിക നിർണയം നടത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ തസ്തികകൾ സൃഷ്ടിച്ച് കഴിഞ്ഞ സ്കൂളുകളിലെ ഉപഭാഷാ തസ്തികകളിലെ ഏറ്റക്കുറച്ചിലുകൾ കണക്കാക്കുമ്പോൾ മാർജിനൽ സീറ്റ് വർദ്ധനവിലൂടെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണവും പരിഗണിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് മാർജിനൽ സീറ്റ് വർദ്ധനവിലൂടെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാനാവില്ല.

8.മേൽ സാഹചര്യത്തിൽ വെങ്ങാനൂർ വി.പി.എസ്.എച്ച്.എസ്.എസ്. ലെ 2019-20 മുതൽ 2024-25 വരെയുള്ള തസ്തിക നിർണയം തിരുവനന്തപുരം മേഖലാ ഉപമേധാവി നടത്തിയിട്ടുള്ളത് ക്രമ പ്രകാരമായതിനാൽ 2024-25 വർഷം മലയാള ഉപഭാഷയായി +1 ന് മാർജിനൽ വർദ്ധനവ് ഉൾപ്പെടെ (110+33) 143 ഉം +2 ന് മാർജിനൽ വർദ്ധനവ് ഉൾപ്പെടെ (116+33) 149 ഉം പരിഗണിച്ച് മലയാളം ഉപഭാഷയ്ക്ക് ഒരു എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഉം ഒരു എച്ച്.എസ്.എസ്.റ്റി. തസ്തികയും അനുവദിച്ച് 2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പരിഷ്കരിച്ച് നല്കണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

9.മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, എം.എസ്.സി. സ്കൂൾസ്, അയിര പി.ഒ., പാറശ്ശാല.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം-695 001.
മേഖല ഉപമേധാവി (ഹയർ സെക്കന്ററി വിദ്യാഭ്യാസം), പാളയം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(16.03.2026 ലെ GE-JA2/32/2026-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/167/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 27-04-2026 10:05:28
സെക്ഷൻ ഓഫീസർ